LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പിന്നോക്ക വിദ്യാർത്ഥികൾക്ക് ക്ഷേമവകുപ്പിന്റെ സാമ്പത്തിക സഹായം

90 [6065] ശ്രീ. എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തും പുറത്തുമുള്ള അംഗീകൃത കോളേജുകളിൽ പഠിക്കുന്ന പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് പിന്നോക്കസമുദായ ക്ഷേമ വകുപ്പിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിനകത്തുള്ള പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് സൗജന്യം, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിച്ചുവരുന്നു. കേരളത്തിന് പുറത്തുള്ള പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നില്ല.

(ബി) വാർഷിക വരുമാനം 20,000 രൂപവരെയുള്ളവരുടെ മക്കൾക്ക് പ്ലസ് ടുവിനും (+2), 25,000 രൂപവരെയുള്ളവരുടെ മക്കൾക്ക് ഡിഗ്രിക്കും, ഫീസ് സൗജന്യത്തിന് അർഹതയുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് 36,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യത്തിനുപുറമെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ലഭിക്കും. 42,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യവും ലംപ്സം ഗ്രാന്റും ലഭിക്കും.

(സി) ബാധകമല്ല.

അച്ചടി വകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് വിവിധ വർഷങ്ങളിൽ അനുവദിച്ച തുക

91 [6066] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000, 2000-01 എന്നീ സാമ്പത്തിക വർഷങ്ങളിൽ അച്ചടി വകുപ്പിലെ വിവിധ പ്രസ്സുകളിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ ഓരോ വർഷവും എത്ര തുക അനുവദിച്ചു;